**കേരള സർക്കാർ**

കേരള വനം വന്യജീവി വകുപ്പ്

**ഇ – ദർഘാസ് പരസ്യം**

ഡി. 1029/19 തീയതി : 08.05.2019

കേരള വനം വകുപ്പിലെ നിലമ്പൂർ സൗത്ത് ഡിവിഷനിൽ താഴെ ചേർത്തിരിക്കുന്ന പ്രവൃത്തിക്ക് പരിചയസമ്പന്നരായ വ്യക്തികളിൽ / സ്ഥാപനങ്ങളിൽ നിന്നും നിലമ്പൂർ സൗത്ത് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ഓൺലൈൻ ദർഘാസ് ക്ഷണിക്കുന്നു. ദർഘാസ് പ്രമാണങ്ങളും ദർഘാസ് ഷെഡ്യൂളുകളും www.etenders.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ദർഘാസിനോടൊപ്പം സമർപ്പിക്കുന്നതിനുള്ള നിരതദ്രവ്യം ദർഘാസ് പ്രമാണവില എന്നിവ നിയമപ്രകാരം ഓൺലൈനായി ടെണ്ടറിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

എല്ലാ ടെണ്ടർ പ്രമാണങ്ങളും www.etenders.kerala.gov.in എന്ന വെബ്സൈറ്റിൽ കാണിച്ചിരിക്കുന്ന ഓൺലൈൻ കവറുകളിൽ ഓൺലൈനായി മാത്രം സമർപ്പിക്കേണ്ടതാണ്. ദർഘാസുകൾ www.etenders.kerala.gov.in വെബ്സൈറ്റിലൂടെ ഓൺലൈനായി മാത്രമെ സ്വീകരിക്കുകയുള്ളൂ. ഓൺലൈനിലൂടെ സമർപ്പിക്കുന്ന ദർഘാസുകളുടെ ഒറിജിനൽ രേഖകൾ (കവർ) ടെണ്ടർ തുറക്കുന്ന തിയ്യതിക്കു മുമ്പായി ഓഫീസിൽ ലഭിക്കത്തക്കവിധം രജിസ്റ്റേർഡ്/സ്പീഡ്പോസ്റ്റ് തപാലിൽ അയച്ചുതരേണ്ടതാണ്. ഇവ നേരിട്ട് സ്വീകരിക്കുന്നതല്ല. ഇ-ടെണ്ടർ സംബന്ധിക്കുന്ന നിലവിലുള്ള എല്ലാ വ്യവസ്ഥകളും ഈ ദർഘാസിനും ബാധകമായിരിക്കും.

വിവരങ്ങൾ താഴെ കൊടുക്കുന്നു. ടി വിവരങ്ങൾ ഏകദേശം മാത്രമാണ്. യഥാർത്ഥ തുകയും വിവരങ്ങളും ഓൺലൈനിൽ ലഭ്യമായിരിക്കും.

കെട്ടിടം പൊളിച്ചു നീക്കം ചെയ്യുവാൻ ഓഫർ ചെയ്യുന്ന തുക രേഖപ്പെടുത്തുന്നതിന് ദർഘാസിനൊപ്പം വെബ്സൈറ്റിൽ കാണിച്ചിരിക്കുന്ന പ്രത്യേകം ഫോറത്തിൽ അക്കത്തിലും, അക്ഷരത്തിലും രേഖപ്പെടുത്തേണ്ടതാണ്. ഏറ്റവും കൂടുതൽ തുക രേഖപ്പെടുത്തുന്നയാൾക്കായിരിക്കും ടെണ്ടർ ലഭിക്കുക. ഈ തുക ഡിപ്പാർട്ട്മെന്റിലേക്ക് അടവാക്കുന്നത് സംബന്ധിച്ച വിശദ വിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമായിരിക്കും.

വിവരങ്ങൾ താഴെ കൊടുക്കുന്നു

| ക്രമ നമ്പർ | ജോലി | കെട്ടിട നമ്പർ | കെട്ടിടം നിൽക്കുന്ന സ്ഥലം | നിരതദ്രവ്യം | ടെണ്ടർ ഫോറത്തിന്റെ വില |
|---|---|---|---|---|---|
| 1 | കെട്ടിടംപൊളിച്ചു നീക്കം ചെയ്യൽ | XVIII-120 (NBR-O-14) | ഡിവിഷൻ ഓഫീസ് കോമ്പൗണ്ട്,നിലമ്പൂർ | ₹ 1000/- | ₹ 300/- |

**മുകളിൽ പറഞ്ഞിരിക്കുന്ന ടെണ്ടറിനെ സംബന്ധിക്കുന്ന മറ്റു വിവരങ്ങൾ ചുവടെ ചേർക്കുന്നു.**

| | | |
|---|---|---|
| 1) ദർഘാസ് പ്രമണങ്ങളുടെ വിൽപ്പന | : | www.etenders.kerala.gov.inഎന്ന വെബ്സൈറ്റിൽനിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. |
| 2) കരാറുകാരുടെ ക്ലാസ് | : | ഇത്തരം പ്രവൃത്തികളിലുള്ള പ്രാവീണ്യം, |
| 3) ഡിവിഷൻ | : | നിലമ്പൂർ സൗത്ത് ഡിവിഷൻ |
| 4) പ്രവൃത്തി ചെയ്തു തീർക്കേണ്ട കാലാവധി | : | കരാർ തീയതി മുതൽ 15 ദിവസം |
| 5) ദർഘാസ് പ്രമാണം വെബ്സൈറ്റിൽ ലഭ്യമാകുന്ന തിയ്യതി | : | 13 -05-2019 വൈകുന്നേരം 5 മണി |
| 6) ദർഘാസ് വെബ്സൈറ്റിൽ സമർപ്പിക്കാവുന്ന അവസാന തിയ്യതി | : | 20-05-2019 വൈകുന്നേരം 5 മണി |
| 7) ദർഘാസ് തുറക്കുന്ന തിയ്യതിയും സമയവും | : | 24-05-2019 രാവിലെ 11 മണി |

ഓൺലൈൻ ടെണ്ടറിനോടൊപ്പം 200/ രൂപയുടെ കേരള മുദ്രപേപ്പറിൽ തയ്യാറാക്കി ഒപ്പിട്ട പ്രാഥമിക ഉടമ്പടി, സ്കാൻ ചെയ്ത മറ്റു രേഖകളുടെ പകർപ്പ്, തിരിച്ചറിയൽ രേഖ, ഇ .പേയ്മെന്റ് ഫോം, ഒപ്പ് വെച്ച് അംഗീകരിച്ച നിബന്ധനകൾ, Rate quoting form, EMD ഒഴിവാക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് (ഉണ്ടെങ്കിൽ) മുതലായവ ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. ഇപ്രകാരം സമർപ്പിക്കാത്തതും അവയുടെ ഒറിജിനൽ ടെണ്ടർതുറക്കുന്നതിനുമുൻപ് ഓഫീസിലേക്ക് സ്പീഡ്പോസ്റ്റിൽ സമർപ്പിക്കാത്തതുമായ ദർഘാസുകൾ നിരസിക്കുന്നതാണ്. ഇ-ടെണ്ടറുമായി ബന്ധപ്പെട്ട മറ്റു വിവരങ്ങൾ NIC/KITM നിന്നോ www.etenders.kerala.gov.in എന്ന വെബ്സൈറ്റിൽ പറഞ്ഞിരിക്കുന്ന contact us ൽ നിന്നോ, ഈ ഓഫീസിൽ നിന്നോ ഓഫീസ് സമയങ്ങളിൽ അറിയാവുന്നതാണ് (04931 220392). കരാറുകാർ വിവരങ്ങൾ അപ്ലോഡു ചെയ്യുന്നതിനും മറ്റും ഉണ്ടാകുന്ന അസൗകര്യങ്ങൾക്കും നഷ്ടത്തിനും ഡിപ്പാർട്ടുമെന്റ് ഉത്തരവാദിയായിരിക്കുന്നതല്ല.

ദർഘാസ് സമർപ്പിച്ചിട്ടുള്ളയാളുടെയോ അവരുടെ പ്രതിനിധികളുടെയോ സാന്നിദ്ധ്യത്തിൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിൽ ലഭിച്ച ദർഘാസ് കവറുകളും തുടർന്ന് ഓൺലൈൻ ടെണ്ടറും തുറക്കുന്നതാണ്. കരാറുകാരോ അവരുടെ പ്രതിനിധികളോ സന്നിഹിതരല്ലെങ്കിലും ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ദർഘാസ് തുറക്കുന്നതാണ്

ദർഘാസ് സംബന്ധമായ വനംവകുപ്പിലും, PWD യിലും നിലവിലുള്ള എല്ലാ നിബന്ധനകളും ഈ ദർഘാസിനും ബാധകമായിരിക്കും

വി. സജികുമാർ
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ
നിലമ്പൂർ സൗത്ത് ഡിവിഷൻ
(കേരള ഗവർണ്ണർക്കുവേണ്ടി)